പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6359 11/07/2012 - ൽ മറുപടിക്ക്

## തീരദേശ റോഡുകളുടെ വികസനത്തിന് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>,, വി. ഡി. സതീശൻ:<br>,, വി. റ്റി. ബൽറാം:<br>,, അൻവർ സാദത്ത്: | | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീരദേശ റോഡുകളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ) | തീരദേശ റോഡുകളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി സർക്കാരിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും, മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ ജില്ലാടിസ്ഥാനത്തിൽ ഏകീകരിച്ച് ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിച്ച ലിസ്റ്റിൽപ്പെട്ട റോഡുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 231 റോഡുകൾക്ക് 6645.85 ലക്ഷം രൂപയുടെ ഭരണാനുമതിയും 2012-13 സാമ്പത്തിക വർഷം ഇതുവരെ വിവിധ ജില്ലകളിലായി 118 റോഡുകൾക്ക് 2952.30 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (സി) സമയബന്ധിതമായി വികസന നടപടികൾ പൂർത്തിയാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | സ്വീകരിക്കാം. ദർഘാസ് ക്ഷണിക്കുന്ന പ്രവൃത്തികൾക്ക് ദർഘാസ് പരസ്യത്തിൽ കാലാവധികൂടി രേഖപ്പെടുത്തുന്നുണ്ട്. ദർഘാസിൽ രേഖപ്പെടുത്തിയ കാലാവധി കൂടി ഉൾപ്പെടുത്തി കരാർ വയ്ക്കുന്നു. നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |

Raji Rajendran

സെക്ഷൻ ഓഫീസർ